ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) പങ്കെടുക്കാറുണ്ട്.

(എഫ്-എച്ച്) വിവരം ശേഖരിച്ചു വരുന്നു.

(ഐ) വിശദവിവരം ലഭ്യമായാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന ടാക്സ് വിഹിതം

12 (4051) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-2004-ൽ കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനത്തിന് കിട്ടേണ്ടിയിരുന്ന ടാക്സ് വിഹിതം എത്രയാണെന്നാണ് സംസ്ഥാന ബഡ്ജറ്റിൽ കണക്കാക്കിയിരുന്നതെന്നും യഥാർത്ഥത്തിൽ ഓരോ വർഷവും എന്ത് തുക ലഭിക്കുകയുണ്ടായെന്നും വെളിപ്പെടുത്താമോ ;

(ബി) മുൻവർഷം ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിന്റെ എത്ര ശതമാനമാണ് കിട്ടിയത് ;

(സി) കിട്ടിയതിന്റെ എത്ര ശതമാനം ഈ വർഷം ബഡ്ജറ്റിൽ പ്രതീക്ഷിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2003-2004-ൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് 1,950 കോടി രൂപ ലഭിക്കുമെന്നാണ് സംസ്ഥാന ബഡ്ജറ്റിൽ കണക്കാക്കിയിരിക്കുന്നത്.

2000-2001-ൽ 1,585.61 കോടി രൂപയും

2001-2002-ൽ 1,614.26 കോടി രൂപയും

2002-2003-ൽ 1,715.21 കോടി രൂപയുമാണ് ലഭിച്ചത്.

(ബി) 99.64%

(സി) 113.69%

നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടി ക്രമങ്ങൾ

13 (4052) ഡോ. തോമസ് ഐസക് :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്പന നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളാണ് ഇപ്പോൾ ഹൈക്കോടതിയിൽ നിലവിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കേസ്സുകളുടെ കാലപ്പഴക്കം എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) റിമാന്റഡ് കേസ്സുകളിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടക്രമങ്ങൾ എന്തൊക്കെയാണ് ;

(ഡി) റിമാന്റഡ് കേസ്സുകൾ ഉൾപ്പെടെ ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമായി വസൂലാക്കുന്നതിന് ബാക്കി നില്ക്കുന്ന തുക എത്ര ;

(ഇ) ഈ തുക പിരിച്ചെടുക്കാൻ സത്വര നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) രണ്ടായിരത്തി മൂന്ന് മാർച്ച് മാസം വരെ മൊത്തം 10343 കേസ്സുകൾ നിലവിലുണ്ട്.

(ബി) ഇനവും വർഷവും തിരിച്ചുള്ള കേസ്സുകളുടെ കാലപ്പഴക്കം താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്.

ഒ. പി. കേസ്സുകൾ

വർഷം	നമ്പർ
1989	5
1990	7
1991	20
1992	70
1993	93
1994	113
1995	121
1996	617
1997	376
1998	372
1999	642
2000	902
2001	1315
2002	1955
2003	2423

LIBRARY ARCHIVES Kerala Legislative Assembly

ടാക്സ് റിവിഷൻ കേസ്സുകൾ

വർഷം	സംസ്ഥാന ഗവൺമെന്റ് ഫയൽ ചെയ്തത്	നികുതിദായകർ ഫയൽ ചെയ്തത്
1993	3	2
1994	12	6
1995	10	5
1996	4	2
1997	32	8
1998	48	14
1999	33	35
2000	71	89
2001	114	244
2002	48	259
2003	14	74
ആകെ	389	738

റിട്ട് അപ്പീൽ കേസ്സുകൾ

വർഷം	നമ്പർ
1990	9
1991	2
1992	2
1993	1
1994	6
1995	8
1996	6
1997	2
1998	16
1999	28
2000	47
2001	10
2002	41
2003	7
ആകെ	185

(സി) റിമാന്റ് കേസ്സുകളിൽ കണക്ക് ബുക്കുകൾ പരിശോധിച്ച് നികുതി പുനർ നിർണ്ണയം ചെയ്യുകയാണ് നടപടി. പുനർ നിർണ്ണയം നടത്തുമ്പോൾ നികുതി കുടിശ്ശികയുണ്ടെങ്കിൽ മറ്റ് അസസ്മെന്റു കേസ്സുകളിൽ നടപടി എടുക്കുന്നതു പോലെ ജപ്തി നടപടികൾക്ക് അയയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2003 ജൂലൈ വരെ 278 കോടി രൂപ വസൂലാക്കുന്നതിന് ബാക്കി നില്ക്കുന്നു.

(ഇ) സത്വര നടപടികൾ കൈക്കൊള്ളുന്നുണ്ട്.

പെട്രോളിയം ഉൽപ്പന്നങ്ങളിൽ നിന്നും ലഭിച്ച വില്പന നികുതി

14 (4053) ശ്രീ. എ. കെ. ബാലൻ :
ശ്രീ. സാജു പോൾ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിയം ഉൽപ്പന്നങ്ങളുടെ മേലുള്ള വില്പന നികുതി നിരക്കെത്രയാണ് ;

(ബി) പെട്രോളിയം ഉല്പന്നങ്ങൾക്ക് വില വർദ്ധിക്കുമ്പോൾ വർദ്ധിക്കുന്ന വിലയുടെ വില്പന നികുതി വേണ്ടെന്ന് വയ്ക്കുമോ ;

(സി) 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ വില്പന നികുതി ഇനത്തിൽ എന്തു തുക വീതം സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൽ 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ പെട്രോളിയം ഉൽപ്പന്നങ്ങളിൽ നിന്നും ലഭിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വില്പന നികുതി നിയമത്തിലെ പട്ടിക ഒന്ന് പ്രകാരം പെട്രോളിയം ഉല്പന്നങ്ങളുടെ മേലുള്ള വില്പന നികുതി നിരക്ക് അനുബന്ധമായി ചേർക്കുന്നു.†

(ബി) കേരള വില്പന നികുതി നിയമ പ്രകാരം വില്പന നികുതി ഈടാക്കുന്നത് വില്പന ഘട്ടത്തിനുള്ള സാധനങ്ങൾക്ക് വില്പന വിലയിലും വാങ്ങൽ ഘട്ടത്തിലുള്ള സാധനങ്ങൾക്ക് അവസാന വാങ്ങൽ ഘട്ടത്തിലുള്ള വാങ്ങൽ വിലയിലുമാണ്. ആകയാൽ പെട്രോളിയം ഉല്പന്നങ്ങളുടെ വർദ്ധിക്കുന്ന വിലയുടെ വില്പന നികുതി വേണ്ടെന്ന് വയ്ക്കാൻ വില്പന നികുതി നിയമപ്രകാരം സാധിക്കുകയില്ല.

(സി) 2001-2002-ൽ 4,440.85 കോടി രൂപയും, 2002-2003-ൽ 5,380.63 കോടി രൂപയും ലഭിച്ചു.

(ഡി) പെട്രോളിയം ഉല്പന്നങ്ങളിൽ നിന്നും 2001-2002-ൽ 1,265.73 കോടി രൂപയും 2002-2003-ൽ 1,478.80 കോടി രൂപയും ലഭിച്ചു.

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly